# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ക്ലാപ്പന ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: **doklm.ksad@kerala.gov.in**
ഫോൺ : **0474-2740141**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ .കെ എൽ എം / പി8/1725/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 28/09/2024
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ക്ലാപ്പന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ **2023-2024** സാമ്പത്തിക വർഷത്തെ ഓഡിറ്റ ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ .കെ എൽ എം / പി8/1725/24 തീയ്യതി: 28/09/2024

## കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2023 മുതൽ 31-07-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-08-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സജികുമാർ.ജി | ഡെപ്യൂട്ടി ഡയറക്ടർ | 08-08-2024 | 19-08-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-08-2024 | 19-08-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.എ.എസ് .അജ്മൽ, ഓഡിറ്റ് ഓഫീസർ

ശ്രീ.അരുൺജിത്ത്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. യു.എസ്. സുനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ശരൺ. എസ്സ്, ഓഡിറ്റർ

ശ്രീ.അഖിൽ. എസ്സ്. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| ശ്രീമതി.മിനിമോൾ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി.താര.ആർ | സെക്രട്ടറി | 01-04-2023 | 13-07-2023 |
| ശ്രീമതി.ഹസിത.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-07-2023 | 18-07-2023 |
| ശ്രീ.എ.ഗോപകുമാർ | സെക്രട്ടറി | 19-07-2023 | 06-10-2023 |
| ശ്രീമതി.ഹസിത.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-10-2023 | 16-10-2023 |
| ശ്രീ അന്ദ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-10-2023 | 19-10-2023 |
| ശ്രീ. എ ഗോപകുമാർ | സെക്രട്ടറി | 20-10-2023 | 23-11-2023 |
| ശ്രീ.സന്തോഷ് വർഗ്ഗീസ് | സെക്രട്ടറി | 24-11-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഹസിത.എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീമതി.അജ്മി.എച്ച് | കൃഷി ഓഫീസർ | 01-04-2023 | 07-10-2023 |
| ശ്രീമതി.മീര.ആർ | കൃഷി ഓഫീസർ(അഡീഷണൽ ചാർജ്) | 08-10-2023 | 26-11-2023 |
| ശ്രീമതി.പ്രീതാ കുമാരി | കൃഷി ഓഫീസർ | 27-11-2023 | 31-03-2024 |
| ഡോ.രജിത | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി.നീതു | അസിസ്റ്റന്റ് എൻജിനീയർ | 01-04-2023 | 09-05-2023 |
| ശ്രീ.ജയകുമാർ | അസിസ്റ്റന്റ് എൻജിനീയർ (ഇൻചാർജ്) | 10-05-2023 | 18-07-2023 |
| ശ്രീമതി.നിള ഹിരൺ | അസിസ്റ്റന്റ് എൻജിനീയർ ,LID & EW | 19-07-2023 | 31-03-2024 |
| ശ്രീമതി.സംഗീത | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീ. ദിലീപ് കുമാർ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2023 | 31-03-2024 |
| ഡോ.ജ്യോതി ലക്ഷ്മി കെ.എസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2023 | 16-11-2023 |
| ഡോ.ഷൈല മാത്യൂ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 17-11-2023 | 31-03-2024 |
| ഡോ.ഷാമില | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 31-03-2024 |
| ഡോ.മീര | മെഡിക്കൽ ഓഫീസർ(ആയുർവേദ) | 01-04-2023 | 31-03-2024 |
| ശ്രീ.പ്രേംകുമാർ | വി.ഇ.ഒ | 01-04-2023 | 31-03-2024 |
| ശ്രീമതി.സനൂജ.കെ.എസ് | വി.ഇ.ഒ | 01-04-2023 | 31-03-2024 |
| ശ്രീമതി.ധന്യ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.രശ്മി രവീന്ദ്രൻ | ഹെഡ് മിസ്ട്രസ്,ഗവൺമെന്റ് എൽ.പി.എസ്,വരവിള | 01-04-2023 | 31-03-2024 |
| ശ്രീമതി.വിജിത കെ സേനൻ | , എം.ജി.എൻ.ആർ.ഇ.ജി.എസ്.അക്രെഡിറ്റഡ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീ.ബിബിൻ ബാബു | എം.ജി.എൻ.ആർ.ഇ.ജി.എസ്.അക്രെഡിറ്റഡ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീ.ബിബു.ബി | എം.ജി.എൻ.ആർ.ഇ.ജി.എസ്.അക്രെഡിറ്റഡ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള കണക്കുകളും എസിആർ കണക്കുകളും തമ്മിൽ വ്യത്യാസം-സുലേഖ സ്റ്റേറ്റ്മെന്റിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല. | 1-1-4 |
| 6 | ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-6 |
| 8 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല. | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് പരിശോധന | 1-8 |
| 16 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-11 |
| 19 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു | 1-12 |
| 20 | വാഹനങ്ങളുടെ രജിസ്റ്റർ പരിപാലനത്തിലെ അപാകതകൾ | 1-13 |
| 21 | മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല | 1-14 |
| 22 | മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്യാൻ അവശേഷിക്കുന്നു | 1-15 |
| 23 | MGNREGS- അങ്കണവാടി നിർമ്മാണം.( Ward 13 ) അധികം തുകചെലവഴിച്ചു ,ജി.എസ്.ടി-ടി ഡി എസ് - ഈടാക്കിയിട്ടില്ല. | 1-16 |
| 24 | കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാതെ ലാപ്ടോപ്പ് വാങ്ങി | 1-17 |
| 25 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-18 |

| | | |
|---|---|---|
| 26 | എസ്റ്റിമേറ്റ് നിരക്കിൽ അധികമായി അനുവദിച്ച ചെലവ് അംഗീകരിക്കുന്നില്ല | 1-19 |
| 27 | സിസിടിവി മെയിന്റനൻസ് -എഎംസി നിബന്ധനകൾ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല | 1-20 |
| 28 | ഹരിതകർമ്മ സേനയ്ക്ക് ഇലക്ട്രിക്ക് വാഹനം വാങ്ങുന്നതിനുള്ള പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-21 |
| 29 | ക്യൂ ആർ കോഡുകൾ കെൽട്രോണിൽ നിന്നും ലഭ്യമായില്ല | 1-22 |
| 30 | കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കി പ്രവർത്തന സജ്ജമാക്കിയിട്ടില്ല | 1-23 |
| 31 | ലൈഫ് ഭവന നിർമ്മാണ പദ്ധതി- വീടുകൾ പൂർത്തീകരിച്ചില്ല | 1-24 |
| 32 | ലൈഫ് ലോൺ വരവ് തുകയുടെ നീക്കിയിരിപ്പിന്റെ കൃത്യമായ കണക്കുകൾ ലഭ്യമാക്കിയിട്ടില്ല | 1-25 |
| 33 | നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല | 1-26 |
| 34 | "ആർദ്രം പ്രാഥമിക ആരോഗ്യകേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമാക്കൽ" പദ്ധതി നിർവഹണത്തിലെ അപാകതകൾ | 1-27 |
| 35 | ഹരിതകർമ്മസേന - പ്രവർത്തനാവലോകനം | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | MGNREGS- അങ്കണവാടി നിർമ്മാണം.( Ward 13 ) അധികം തുക ചെലവഴിച്ചു , ജി എസ് ടി - ടി ഡി എസ് ഈടാക്കിയിട്ടില്ല. | 3-1 |
| 2 | എസ്റ്റിമേറ്റ് നിരക്കിൽ അധികമായി അനുവദിച്ച ചെലവിന് അംഗീകാരമില്ല | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികൾ | |

# ഭാഗം -1

## പൊതു അവലോകനം

**1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.**

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

**1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.**

1. ക്ലാപ്പന ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 12.06.2024 തീയതിയിലെ നം(1) തീരുമാനം പ്രകാരം അംഗീകരിച്ച് 13.06.24 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ക്ലാപ്പന ഗ്രാമ പഞ്ചായത്തിന്റെ **2023-24** വർഷത്തേയ്ക്കുള്ള ധനകാര്യപത്രികകൾ **31.03.2024** ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും **31.03.2024** ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:കൊല്ലം
തീയതി: 28-09-2024

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.**

ഓപ്പറേറ്റിങ് , ഇൻവെസ്റ്റിങ് , ഫിനാൻസ്ങ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് = 2,46,35,328/-രൂപയും, മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40a-40b) = 32,80,346/-രൂപയുമാണ്.

**1-1-3 വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള കണക്കുകളും എസിആർ കണക്കുകളും തമ്മിൽ വ്യത്യാസം -സുലേഖ സ്റ്റേറ്റ്മെന്റിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല.**

(I) വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള കണക്കുകളും, എസിആർ കണക്കുകളും തമ്മിൽ വ്യത്യാസം നിലനില്ക്കുന്നു. സുലേഖ സ്റ്റേറ്റ്മെന്റിലെ ചെലവും എസിആർ ചെലവും പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഫണ്ട് ഇനം | എസിആർ പ്രകാരം ചെലവ് (സോഴ്സ് ഡിഡക്ഷൻ ഉൾപ്പടെ) ₹ | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് ₹ | ധനകാര്യപത്രിക പ്രകാരം ചെലവ് ₹ |
|---|---|---|---|---|
| 1 | മെയിന്റനൻസ്ഗ്രാന്റ് -നോൺറോഡ് | 45,77,855/- | 40,94,878/- | 45,77,855/- |

(II) സുലേഖ സ്റ്റേറ്റ്മെന്റിലെ ചെലവും എസിആർ ചെലവും പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഫണ്ട് ഇനം | എ സി ആർ പ്രകാരം ചെലവ് (സോഴ്സ് ഡിഡക്ഷൻ ഉൾപ്പടെ) ₹ | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് ₹ |
|---|---|---|---|
| 1 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 1,51,32,210/- | 86,42,402/- |
| 2 | വികസന ഫണ്ട്-എസ് സിപി | 52,25,675/- | 44,69,376/- |

(Iii) പ്രോജക്ട് നം.138/24 പ്രകാരമുള്ള ശുചിത്വമിഷൻ ഫണ്ടിന്റെ 10,74,320/-രൂപയുടെ ചെലവ് സുലേഖ പത്രികയിൽ പ്രതിഫലിച്ചിരുന്നെങ്കിലും വാർഷിക ധനകാര്യപത്രിക, എ സി ആർ എന്നിവയിൽ പ്രതിഫലിച്ചിട്ടില്ല.

**1-1-4 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.**

(I) വസ്തുനികുതി വരവ്, കുടിശ്ശിക വിവരങ്ങൾ, സഞ്ചയ സോഫ്ട് വെയറിലെ കണക്കുകളുമായി പൊരുത്തപ്പെടുത്തുന്നതിന് നടത്തിയ ബുക്ക് അഡ്ജസ്റ്റുമെന്റുകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

(Ii) ആസ്തി രജിസ്റ്റർ മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തികളുടെ മൂല്യം, ഡിപ്രീസിയേഷൻ തുകകളുടെ കൃത്യത എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-1-5 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല**

ലഡ്ജർ അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

**1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.**

വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല. വസ്തു നികുതി അക്രൂവൽ എൻട്രി യഥാസമയം രേഖപ്പെടുത്തിയിട്ടില്ല.

**1-1-7 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല.**

(I) ലൈഫ് സ്റ്റേറ്റ് ഷെയർ ഫണ്ടിന്റെ മുൻവർഷ നീക്കിയിരിപ്പ് തുക 31,60,000/-രൂപ ആണ്. എന്നാൽ തൻവർഷത്തെ മുൻബാക്കിയായി 37,18,697/-രൂപ കാണിച്ചിരിക്കുന്നു. സ്റ്റേറ്റ് ഷെയർ, ഹഡ്കോ വായ്പ തുകകൾ അഡ്ജസ്റ്റ് ചെയ്തപ്പോൾ നടത്തിയ ജേണലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

(Ii) സാക്ഷരത, സൻസദ് ആദർശ് യോജന, ബേബി ഫ്രണ്ട്‌ലി ടോയിലറ്റ് ഹെഡുകളിൽ ഉൾപ്പെടുത്തിയ തുകകളുടെ ബാധ്യത, ഹെഡുകൾ ഒഴിവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

**1-2 ബജറ്റ്.**

23.03.2022 ലെ 1(1) നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 06.02.2024 ലെ 4 (1) നം. തീരുമാന പ്രകാരവും അംഗീകരിച്ചു.

**1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം).**

| | |
|---|---|
| മുന്നിരിപ്പ് | ₹1,53,24,770/- |
| ഓഡിറ്റ് വർഷത്തെ വരവ് | ₹5,14,29,287/- |
| ആകെ | ₹6,67,54,057/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹5,47,09,633/- |
| നീക്കിയിരിപ്പ് | ₹1,20,44,424/- |
| വരവിനങ്ങളിലുള്ള നഷ്ടം | ----- |
| ചെലവിനങ്ങളിലുള്ള നഷ്ടം /ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹92,430/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹15,70,434/- |

**1-4 ഗ്രാന്റ് വിനിയോഗം**

| ഫണ്ട് ഇനം | മുൻ ബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കി ബാക്കി/ ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-പൊതു. | 0 | 1,72,40,000/- | 1,72,40,000/- | 1,59,60,699/- | 12,79,301/- |
| വികസന ഫണ്ട്-എസ് സി പി | 0 | 44,73,000/- | 44,73,000/- | 44,69,376/- | 3,624/- |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 96,79,350/- | 96,79,350/- | 86,42,402/- | 10,36,948/- |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 0 | 45,78,000/- | 45,78,000/- | 40,94,878/- | 4,83,122/- |
| സിഎഫ് സി-ബേസിക് | 1,14,735/- | 28,97,117/- | 30,11,852/- | 12,32,404/- | 17,79,448/- |
| സിഎഫ് സി-ടൈഡ് | 7,65,302/- | 21,41,000/- | 29,06,302/- | 23,72,285/- | 5,34,017/- |

മറ്റ് അക്കൗണ്ടുകൾ- സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ

| ഫണ്ട് ഇനം | മുൻ ബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കി ബാക്കി ₹ |
|---|---|---|---|---|---|
| ശുചിത്വമിഷൻ | 47,420/- | 14,53,307/- | 15,00,727/- | 14,53,307/- | 47,420/- |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 37,18,697/- | 59,29,246/- | 96,47,943/- | 96,47,943/- | 0 |
| ഫിഷറീസ് | 28,369/- | 0 | 28,369/- | 0 | 28,369/- |
| Best Panchayath അവാർഡ്(State) | 3,20,640/- | 0 | 3,20,640/- | 0 | 3,20,640/- |
| സാക്ഷരത | 11,000/- | 0 | 11,000/- | 0 | 11,000/- |
| മറ്റ് ഫണ്ട്-ബഡ്സ് സ്കൂൾ | 7,39,946/- | 0 | 7,39,946/- | 0 | 7,39,946/- |

മറ്റ് അക്കൗണ്ടുകൾ-കേന്ദ്രാവിഷ്കൃത ഫണ്ടുകൾ

| ഫണ്ട് ഇനം | മുൻ ബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കി ബാക്കി ₹ |
|---|---|---|---|---|---|
| ഐസിഡിഎസ് | 8,18,441/- | 17,72,849/- | 25,91,290/- | 6,88,154/- | 19,03,136/- |
| സമ്പൂർണ്ണ ശുചിത്വം | 10,665/- | 540/- | 11,205/- | 0 | 11,205/- |
| കോവിഡ് റിലീഫ് | 41,257/- | 1,129/- | 42,386/- | 0 | 42,386/- |
| സൻസദ് ആദർശ് യോജന | 9,480/- | 0 | 9,480/- | 0 | 9,480/- |
| ബേബി ഫ്രണ്ടിലി ടോയിലറ്റ് | 51,426/- | 0 | 51,426/- | 0 | 51,426/- |
| ഹെൽത്ത് ഗ്രാന്റ്-ഇൻഫ്രാസ്ടക്ചർ | 87,309/- | 8,59,042/- | 9,46,351/- | 5,01,072/- | 4,45,279/- |
| ഹെൽത്ത് ഗ്രാന്റ്-റൂറൽ പിഎച്ച്സി | 1,223/- | 3,63,738/- | 3,64,961/- | 3,54,892/- | 10,069/- |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | 21,961/- | 0 | 21,961/- | 21,961/- | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 169 | 175852447/- | 112 | 73337942/- | 11 | 46 | 66.27 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 391/- | 18,66,604/- | 18,66,995/- | 18,66,993/- | 2/- |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,45,41,255/- | 3,45,41,255/- | 3,45,41,255/- | 0 |
| ആകെ | 391/- | 3,64,07,859/- | 3,64,08,250/- | 3,64,08,248/- | 2/- |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 23,64,000/- |
| വിധവാപെൻഷൻ | 1,01,43,300/- |
| വാർദ്ധക്യകാലപെൻഷൻ | 1,86,46,700/- |

| | |
|---|---|
| വികലാംഗപെൻഷൻ | 38,43,100/- |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 7,24,600/- |

**1-8 ക്യാഷ് പരിശോധന**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.08.2024, 3.00 Pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 33,200/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തരനിയന്ത്രണം**

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ ILGMS മുഖേന സ്വീകരിച്ചുവരുന്നു. വൗച്ചറുകൾ ബന്ധപ്പെട്ട ധനകാര്യ സ്ഥിരം സമിതി പരിശോധിക്കുന്നുണ്ട്. കൈകൊണ്ടെഴുതുന്ന രസീത് മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന രേഖപ്പെടുത്തലുകൾ ഏത് വർഷവുമായി ബന്ധപ്പെട്ടതാണെന്ന് കൃത്യമായി രേഖപ്പെടുത്തുന്നില്ല. റോഡ് കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. കൂടാതെ മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാത്തതും, പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനങ്ങൾ നടപ്പിലാക്കാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്ക്കരിച്ച്, ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളും മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും മോണിറ്ററിംഗ് നടത്തിയിട്ടില്ല. പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനും, പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനും മോണിറ്ററിംഗ് അനിവാര്യമാണ്. കൂടാതെ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് ബുക്കിൽ തീരുമാനങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തലുകൾ വരുത്തുന്നില്ല. പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും റേഷൻകട ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിവരുന്നില്ല. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിനും, പര്യാപ്തമായ രീതിയിൽ ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം പ്രവർത്തിക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.01.2023 | 10/22 മുതൽ 12/22 വരെ | 07.06.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.09.2018 മുതൽ 01.10.2018 | 2013-14 -മുതൽ 2017-18 വരെ | 22.11.18 |

**1-11 തൊഴിൽ നികുതി ഈടാക്കിയില്ല**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60

ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും, സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും, ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് ജീവനക്കാരുടെ തൊഴിൽ നികുതി കാര്യക്ഷമമായി പിരിച്ചെടുക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏതാനും സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളൂ. ലൈസൻസ് രേഖകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ നിരവധി സ്ഥാപനങ്ങളിൽ രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. പഞ്ചായത്ത് പ്രദേശത്ത് തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരിൽ നിന്നും നികുതി പിരിച്ചെടുക്കാത്തത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുന്നുണ്ട്. തൊഴിൽ നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന സ്ഥാപനങ്ങളുടെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം ( ലൈസൻസിനുള്ള അപേക്ഷയിൽ നിന്നും ) |
|---|---|---|
| 01 | Origin Diagnostics And Research | 23 |
| 02 | Star Stealing And Roofing Materials | 13 |
| 03 | Thiruvonam Hypermart | 12 |
| 04 | Astor Hypermart | 15 |

പഞ്ചായത്ത് പ്രദേശത്ത് തൊഴിൽ നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം **.-12/16.08.24**

**<u>1-12 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു</u>**

വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം നികുതിയിൽ കുറവുണ്ടായിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203(9) ൽ ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ 2-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ (7)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന എതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ, ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതാത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. തദ്ദേശസ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11 ലെ (അച്ചടി) 19/2011 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക്

ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 80/-രൂപയായും 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 60/-രൂപയായും പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, സഞ്ചയ സോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നമ്പർ കെട്ടിട നമ്പർ | ഉടമയുടെ പേര് | ച.മി | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി | നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി | അടിസ്ഥാന വസ്തുനികുതിയിൽ കുറവുണ്ടായ തുക (രൂപ) |
|---|---|---|---|---|---|---|
| 1 | 777/ WARD 15 | സഹദേവൻ സജിഭവനം ക്ലാപ്പന പി ഓ | 123.39 | 9871.20/- (ച.മിറ്ററിന് 80/-രൂപ നിരക്കിൽ) | 9871.20/- (ച.മിറ്ററിന് 80/-രൂപ നിരക്കിൽ) | |
| 2 | 778/ WARD 15 | | 32.89 | 1973.40/- (ച.മിറ്ററിന് 60/-രൂപ നിരക്കിൽ | 2631.20/- (ച.മിറ്ററിന് 80/-രൂപ നിരക്കിൽ | 657.80/- |
| 3 | 779/ WARD 15 | | 32.89 | 1973.40/- (ച.മിറ്ററിന് 60/-രൂപ നിരക്കിൽ | 2631.20/- (ച.മിറ്ററിന് 80/-രൂപ നിരക്കിൽ | 657.80/- |
| 4 | 780/ WARD 15 | | 32.89 | 1973.40/- (ച.മിറ്ററിന് 60/-രൂപ നിരക്കിൽ | 2631.20/- (ച.മിറ്ററിന് 80/-രൂപ നിരക്കിൽ | 657.80/- |
| | ആകെ | | **222.06** | **15791.40/-** | **17764.80/-** | **1973.40/-** |

വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം**. 23/19.08.2024**

**1-13** വാഹനങ്ങളുടെ രജിസ്റ്റർ പരിപാലനത്തിലെ അപാകതകൾ

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 324(എ) പ്രകാരം എല്ലാ സർക്കാർ വാഹനങ്ങൾക്കും ലോഗ്ബുക്ക് പരിപാലിക്കണമെന്നും സ.ഉ(പി)നം.161/2006/ഫിൻ തീയതി 31-03-2006 പ്രകാരം വാഹനങ്ങളുടെ അറ്റകുറ്റപണികളുടെയും, ഇന്ധന ഉപഭോഗത്തിന്റെയും വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ സൂക്ഷിക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ സ.ഉ.(എം.എസ്)നം.170/07/തസ്വഭവ തീയതി 30.06.2007 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് പൊതുമാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ പഞ്ചായത്ത് വാഹനത്തിന്റെ അറ്റകുറ്റപ്പണികളുടെ വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കൂടാതെ പഞ്ചായത്ത് വാഹനത്തിന്റെ ലോഗ്ബുക്കിൽ 01.08.23 വരെ സാധുവായ ഫ്യൂവൽ കൺസംപ്ഷൻ സർട്ടിഫിക്കറ്റാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ടി തീയതിക്ക് ശേഷമുള്ള ഫ്യൂവൽ കൺസംപ്ഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിവരങ്ങൾ സൂചിപ്പിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വാഹനത്തിന്റെ അറ്റകുറ്റപ്പണികളുടെ വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ, 01.08.23 ന് ശേഷമുള്ള ഫ്യൂവൽ കൺസംപ്ഷൻ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കണ്ടതും, വാഹന ഉപയോഗം സംബന്ധിച്ചുള്ള സർക്കാർ നിർദ്ദേശങ്ങൾ

കൃത്യമായി പാലിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി **6/ 12.08.24**

**1-14 മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല**

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ പ്രകാരം മരുന്ന് വാങ്ങുന്നതിനായി ഇൻഹൗസ് ഡ്രഗ് ബാങ്കിന് മുൻകൂർ തുക നൽകിയെങ്കിലും മരുന്ന് പൂർണ്ണമായി ലഭ്യമായില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്, നമ്പർ | നൽകിയ തുക (രൂപ) | ലഭ്യമായ മരുന്നിന്റെ വിവരം തുക (രൂപ) | ലഭ്യമാകാനുള്ള മരുന്നിന്റെ വിവരം തുക (രൂപ) |
|---|---|---|---|
| കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ S0044/24 അടങ്കൽ തുക-480,000/- (സംരക്ഷണ ഗ്രാന്റ് റോഡിതരം) | 3,00,000/- ബിൽ നം. 15/14.09.23 പ്രൊഫോർമ ഇൻവോയ്സ് നം. 11337@N/2023/8 തീയതി 18.08.23 | 96,303.50 (ഇൻവോയ്സ് നം. C7365/2023-24 തീയതി 19.09.23)<br>81,306 (ഇൻവോയ്സ് നം. C7362/2023-24 തീയതി 19.09.23)<br>64,913 (ഇൻവോയ്സ് നം. C7368/2023-24 തീയതി 19.09.23<br>32,687 (ഇൻവോയ്സ് നം. C10973/2023-24 തീയതി 30.11.23<br>7663 (ഇൻവോയ്സ് നം. C13270/2023-24 തീയതി 13.01.24 | 17,128/- |
| സാന്ത്വന പരിചരണം-പാലിയേറ്റിവ് കെയർ പ്രോജക്ട് SOO43/24 അടങ്കൽ തുക-വികസന ഫണ്ട്-502500/- തനത് ഫണ്ട്-2195/- സംരക്ഷണ ഗ്രാന്റ്(റോഡിതരം) -300000/- ആകെ-8,04,695/- | 3,00,000/- (വികസനഫണ്ട്-ജനറൽ) ബിൽ നം.19/30.11.23 പ്രൊഫോർമഇൻവോയ്സ് നം. 11338@N/2023/8 തീയതി 19.08.23 | 67,428.5 (ഇൻവോയ്സ് നം. C821/2024-25 തീയതി 08.05.24<br>86,639.5 (ഇൻവോയ്സ് നം. C825/2024-25 തീയതി 08.05.24<br>53,667.5 (ഇൻവോയ്സ് നം. C826/2024-25 തീയതി 08.05.24 | 92,264/- |
| ആകെ | | | 1,09,392/- |

മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഇൻഹൗസ് ഡ്രഗ് ബാങ്ക് മാനേജർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കി. അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക്

രജിസ്റ്ററിൽ ഉൾപ്പെടുത്തി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 1,09,392/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തുന്ന തുക–**1,09,392/-**രൂപ.

ഓഡിറ്റ് എൻക്വയറി നം**.-10** തീയതി **. 14.08.24.**

**1-15 മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്യാൻ അവശേഷിക്കുന്നു**

| | |
|---|---|
| പ്രോജക്ടിന്റെ പേര്,നമ്പർ | മെൻസ്ട്രുവൽ കപ്പ് വിതരണം, 54/24 |
| നിർവ്വഹണഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ അവാർഡ് |
| അടങ്കൽതുക | 1,00,000/-രൂപ |
| ചെലവ് തുക | 1,00,000/-രൂപ |
| വൗച്ചർ നം | XVFC/2023-24/P/13 തീയതി 08.01.24) |

മേൽ പദ്ധതി പ്രകാരം ഇൻ ഹൗസ് ഡ്രഗ് ബാങ്കിൽ നിന്നും **(**ടാക്സ് ഇൻവോയ്സ് നം**.C15295/2023-24** തീയതി **23.02.24)** 413 എണ്ണം മെൻസ്ട്രുവൽ കപ്പുകൾ വാങ്ങിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

I) ടെണ്ടർ/ ക്വട്ടേഷൻ ഒഴിവാക്കി മെൻസ്ട്രുവൽ കപ്പുകൾ ഇൻ ഹൗസ് ഡ്രഗ് ബാങ്കിൽ നിന്നും നേരിട്ടാണ് വാങ്ങിയിരിക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 17.08.2022 ലെ സർക്കുലർ നം.ഡി.എ1/278/2022 പ്രകാരം ടെണ്ടർ/ക്വട്ടേഷൻ നടപടികൾ കൂടാതെ ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡിൽ നിന്നോ, വനിതാ ശിശു വികസന കോർപ്പറേഷനിൽ നിന്നോ മാത്രമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മെൻസ്ട്രുവൽ കപ്പ് വാങ്ങാൻ അനുമതിയുള്ളു. സർക്കാർ ഉത്തരവിന് വിരുദ്ധമായാണ് വാങ്ങൽ നടത്തിയത്.

II) മെൻസ്ട്രുവൽ കപ്പ് ഒന്നിന് 237.71/- രൂപ നിരക്കിൽ 413 എണ്ണം വാങ്ങിയിട്ടുണ്ടെങ്കിലും 262 എണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കുറഞ്ഞ വിലയ്ക്ക് കാലതാമസം കൂടാതെ മരുന്നുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാകുന്നത് കൊണ്ടാണ് ഇൻ ഹൗസ് ഡ്രഗ് ബാങ്കിൽ നിന്നും മെൻസ്ട്രുവൽ കപ്പ് വാങ്ങിയതെന്നും, വിതരണം ചെയ്യാൻ അവശേഷിക്കുന്ന മെൻസ്ട്രുവൽ കപ്പുകൾ ഗുണഭോക്താക്കൾക്ക് വൈകാതെ വിതരണം ചെയ്യുമെന്നും മറുപടി നൽകി.

വിതരണം ചെയ്യാൻ അവശേഷിക്കുന്ന 151 എണ്ണം മെൻസ്ട്രുവൽ കപ്പുകളുടെ വിലയായ 35,894/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കൂടാതെ വാങ്ങൽ നടപടികൾ സർക്കാർ നിർദ്ദേശത്തിനനുസരണമായി മാത്രം നടത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം**.-10/14.08.24.**

തടസ്സപ്പെടുത്തുന്ന ചെലവ്തുക – **35,894/-**രൂപ

**1-16 MGNREGS- അങ്കണവാടി നിർമ്മാണം.( Ward 13 ) അധികം തുകചെലവഴിച്ചു.,ജി.എസ്.ടി-ടി ഡി എസ് - ഈടാക്കിയിട്ടില്ല.**

ക്ലാപ്പന പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ അങ്കണവാടി നിർമ്മാണം. Ward 13 ൽ MGNREGS വഴി നിർമ്മിക്കുന്നതിനായി ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭിച്ചു. ഇ-ടെണ്ടർ മുഖേന വർക്ക് ഹരികുമാർ എന്ന കരാറുകാരന് നൽകി. വർക്ക് കോഡ് AV/260929 ൽ ഉൾപ്പെട്ട ടി പ്രവൃത്തിയുടെ എം ബുക്ക്, എം.ഐ.എസ് എന്നിവ പരിശോധിച്ചതിൽ മെറ്റീരിയൽ ഇനത്തിൽ 42906/-രൂപ അധികം ചെവഴിച്ചതായി ബോധ്യപ്പെട്ടു.

മെറ്റീരിയൽ, സ്കിൽഡ്, അൺസ്കിൽഡ് എന്നീ വിഭാഗങ്ങൾക്ക് വേണ്ടി തുക ചെലവഴിച്ചതിൻെറ വിവരം

ചുവടെ

| | MIS | MBOOK |
|---|---|---|
| Material | 543529.93/- | 500624.00/- |
| Skilled | 158765.00/- | 158765.00/- |
| Unskilled | 87418.00/- | 87418.00/- |
| **TOTAL** | **789713/-** | **746807/-** |

MIS പ്രകാരം മെറ്റീരിയൽ തുക 543529.93/-രൂപ, MBook പ്രകാരം : (No: 181/20-21 Pg 41)

മെറ്റീരിയൽ തുക 500624/-രൂപയുമാണ്. പ്രവൃത്തിയുടെ ഒന്നാം ഘട്ടത്തിൽ കരാറുകാരന് 199161/-രൂപയും, രണ്ടാം ഘട്ടത്തിൽ 344368/-രൂപയും നൽകി. എം ബുക്ക് പരിശോധിക്കാതെ എഫ് ടി ഒ നൽകിയതു കാരണമാണ് 42905/-രൂപ അധികം കരാറുകാരൻ കൈപ്പറ്റിയത്.

**MGNREGS** അസി എഞ്ചിനീയർ തയ്യാറാക്കിയ **MOP** യുടെ വിശദാംശങ്ങൾചുവടെ ചേർക്കുന്നു

Material : 500624. 64/-
Skilled : 158765.00/-
Un Skilled : 298 X 291 = 86718/-
Sharpening : 70 X 10 = 700/-
ആകെ : 746807.64/-

746807/-രൂപ അനുവദിക്കുന്നതിന് പകരം 789713/-രൂപയാണ് പ്രവൃത്തിക്ക് വേണ്ടി ചെലവഴിച്ചിട്ടുള്ളത്. മെറ്റീരിയൽ ഇനത്തിലാണ് 42905/-രൂപ അധികം നൽകിയിട്ടുള്ളത് [ FTO No 0121EATPAYREQ01042023162870 തീയതി 01.05.2023]. കൂടാതെ കരാറുകാരന് നൽകിയ 543529.93/-രൂപയിൽ ജി.എസ്.ടി, ടി.ഡി.എസ് ഇനത്തിൽ കുറവ് വരുത്തി സർക്കാരിലേയ്ക്ക് ഒടുക്ക് വരുത്തേണ്ട 10,871/-രൂപ കുറവ് വരുത്തി ഒടുക്കിയിട്ടുമില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2019-20 സാമ്പത്തിക വർഷത്തിൽ നൽകാനുണ്ടായിരുന്ന തുക കൂടി ഉൾപ്പെടുത്തിയാണ് വെണ്ടർക്ക് തുക നൽകിയത് എന്നുള്ള മറുപടി ഹാജരാക്കി. എന്നാൽ ആയത് തെളിയിക്കുന്നതിനുള്ള രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ലാത്തതിനാൽ എം ബുക്കിലെ അളവിനേക്കാൾ കൂടുതലായി നൽകയിട്ടുള്ള 42905/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. അധികം നൽകിയിട്ടുള്ള തുക 42905/-രൂപ എഫ്.ടി.ഒ ഫസ്റ്റ്, സെക്കന്റ് സിഗ്നേറ്ററികളായ സെക്രട്ടറി, അസി.സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. കൂടാതെ ജി.എസ്.ടി, ടി.ഡി.എസ് ഇനത്തിൽ ഒടുക്ക് വരുത്തേണ്ട 10,871/-രൂപ ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക**-42905/-**

ഓഡിറ്റ് എൻക്വയറി നം**.-08/13.08.24**

**<u>1-17 കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കാതെ ലാപ്ടോപ്പ് വാങ്ങി</u>**

പ്രൊജക്റ്റ് നം.-169/24

പ്രൊജക്റ്റിന്റെ പേര് : കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

അടങ്കൽ തുക: 359000/-രൂപ

അകെ ചെലവഴിച്ച തുക: 354892/-രൂപ

ടാക്സ് ഇൻവോയ്സ് നം.-162-23 / 23.01.24

വൗച്ചർ നം.22300897/16.02.2024 പ്രകാരം 51200/-രൂപ ലാപ്ടോപ്പ് വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ക്വട്ടേഷൻ വ്യവസ്ഥയിലൂടെ ഡിജി ടെക് കംപ്യൂട്ടേഴ്സ്& മൊബൈൽസ് എന്ന സ്ഥാപനത്തിൽ നിന്നാണ് ലാപ്ടോപ്പ് വാങ്ങിയിരിക്കുന്നത്. 25000/-രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM മുഖേന സമാഹരിക്കേണ്ടതാണെന്ന് ജി.ഒ(പി)നം.7/19/എസ്.പി.ഡി തീയതി 26.04.2019 ഉത്തരവിൽ

നിഷ്കർഷിക്കുന്നുണ്ട്. വിവരം ചൂണ്ടിക്കാണിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങൽ നടത്തിയതിന് വിശദീകരണം നൽകേണ്ടതും, സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിക്കുന്നത് പ്രകാരം വാങ്ങൽ നടപടികൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**1-18** വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം നൽകിയിട്ടുള്ള തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല.

| പ്രോജക്ട് നമ്പർ, പേര്, ഫണ്ടിനം | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | തുക (രൂപ) | ചെലവ് വിവരം |
|---|---|---|---|
| 174/24, നവകേരള സദസ്സ് - ഗ്രാമപഞ്ചായത്ത്<br>വിഹിതം നല്കൽ, തനത് ഫണ്ട് | ചെയർമാൻ & വൈസ് ചെയർമാൻ നവകേരളസദസ്സ് | 44,800/- | ചെക്ക് നം.241193/ 21.12.23 |
| 161/24, തെരുവ് നായ നിയന്ത്രണം- പേവിഷപ്രതിരോധ കുത്തിവയ്പ്- ജില്ലാ<br>പഞ്ചായത്തിന് വിഹിതം നല്കൽ, തനത് ഫണ്ട് | സെക്രട്ടറി ജില്ലാ പഞ്ചായത്ത് | 50,000/- | ചെക്ക് നം.241177/ 21.12.23 |
| | ആകെ | 94800/- | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 94,800/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.**-14/16.08.24**
തടസ്സപ്പെടുത്തുന്നതുക – **94,800/-**രൂപ

**1-19** എസ്റ്റിമേറ്റ് നിരക്കിൽ അധികമായി അനുവദിച്ച ചെലവ് അംഗീകരിക്കുന്നില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പഞ്ചായത്ത് ഓഫീസ് ഫർണീഷിംഗ് രണ്ടാംഘട്ടം എന്ന പ്രോജക്ട്(നം.119/24 ) പ്രകാരം പ്രവൃത്തി നിർവ്വഹിച്ച അക്രഡിറ്റഡ് ഏജൻസിയായ ARTCO എന്ന സ്ഥാപനത്തിന് 30,86,476/-രൂപ അനുവദിച്ചതിൽ ചില ഇനങ്ങൾക്ക് എസ്റ്റിമേറ്റ് നിരക്കിൽ അധിമായി തുക അനുവദിച്ചതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും അധിക തുക ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിശദാംശങ്ങൾ താഴെ നല്കുന്നു.

| ചെക്ക് നമ്പർ, തീയതി | അനുവദിച്ച തുക(₹) |
|---|---|
| 5289976 / 13.06.23 | 10,34,414/- |
| 241197 / 25.01.24 | 4,30,916/- |
| 003454 / 31.03.24 | 16,21,146/- |
| ആകെ | 30,86,476/- |

ഫയൽ പരിശോധിച്ചതിൽ പ്രോജക്ടിനായി സ്ഥാപനം ലഭ്യമാക്കിയ എസ്റ്റിമേറ്റ് നിരക്കിൽ (പ്രൊഫോർമ ഇൻവോയിസ് നം.926/26.06.20) അധികമായി താഴെ പറഞ്ഞിട്ടുള്ള ഇനത്തിന് തുക അനുവദിച്ചിരിക്കുന്നു. അളവുകൾ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി നല്കിയിട്ടുണ്ട്. ജി.എസ്.ടി ഉൾപ്പെടുത്താതെയുള്ള നിരക്കുകൾ താഴെ ചേർക്കുന്നു.

| ഇനം | സാക്ഷ്യപ്പെടുത്തിയ അളവ് ( ച.മീ ) | എസ്റ്റിമേറ്റ് നിരക്ക് ₹ / | ബിൽപ്രകാരമുള്ള നിരക്ക് ₹ / (ച.മീ) | അനുവദിക്കാവുന്ന തുക (₹) | അനുവദിച്ച തുക (₹) | അധിക തുക (₹) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | (ച.മീ) | | | | |
| ഹാർഡ്‌വുഡ്സ്റ്റേജ് | 6.738 | 1,271/- | 7,500/- | 8564/- | 50,535/- | 41,971/- |

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം.24/19.08.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ (18%) ജി.എസ്.ടി ഉൾപ്പടെ ആകെ 49,525/-രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിനുണ്ടായ അധിക ചെലവ് അന്തിമ ബിൽ നൽകിയ നഷ്ടോത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ പ്രോജക്ട് പ്രകാരം ലഭ്യമായിട്ടുള്ള ഫർണീച്ചറുകൾ/ അനുബന്ധ ഉപകരണങ്ങളുടെ, സ്റ്റോക്ക് എൻട്രി നടത്തി വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

നിരാകരിച്ചിട്ടുള്ള തുക-**49,525/-**രൂപ

ഓഡിറ്റ് എൻക്വയറി നം.**-24/19.08.2024**

**1-20 സിസിടിവി മെയിന്റനൻസ് -എഎംസി നിബന്ധനകൾ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല**

'സുരക്ഷിത ക്ലാപ്പന–സിസിടിവി-കെൽട്രോണിന് എഎംസി തുക ഒടുക്കൽ' എന്ന പ്രോജക്ട് (നം.160/24) പ്രകാരം തനത് ഫണ്ടിൽ നിന്നും കെൽട്രോണിന് 2,70,145/-രൂപ (ചെക്ക് നം.003463/30.03.24) നല്കിയിട്ടുണ്ട്. സിസിടിവി സിസ്റ്റത്തിന്റെ വാറണ്ടി കാലയളവ് 23.08.22 ന് അവസാനിച്ചതിനുശേഷം ഗ്രാമപഞ്ചായത്ത് എഎംസി എടുത്തിരുന്നില്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16.02.24 ലെ കത്ത് പരിഗണിച്ച് ക്യാമറ സിസ്റ്റത്തിന്റെ എഎംസി പുതുക്കുന്നതിനായി കെൽട്രോൺ സാങ്കേതിക വിഭാഗം ജീവനക്കാർ സ്ഥല പരിശോധന നടത്തിയതിൽ ആറ് പ്രധാന പ്രശ്നങ്ങൾ നിലനില്ക്കുന്നതായി റിപ്പോർട്ട് ചെയ്തിരുന്നു (കെൽട്രോൺ മാർക്കറ്റിങ് ഹെഡിന്റെ 24.02.24 ലെ KCC/CPG/CR-6290/2023-24/1889A കത്ത്). സ്ഥാപിക്കപ്പെട്ടിരുന്ന 40 ക്യമറകളിൽ 12 എണ്ണം മാത്രമേ പ്രവർത്തിക്കുന്നുള്ളുവെന്നും അപകടങ്ങളിൽ ഒൻപത് കേബിൾ സപ്പോർട്ടിംഗ് തൂണുകൾ തകർന്നു പോയിരിന്നുവെന്നും, രണ്ട് തൂണുകൾ നഷ്ടപ്പെട്ടുപോയിട്ടുണ്ടെന്നും അറുന്നൂറ് മീറ്റർ ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഡാമേജ് ആയിട്ടുണ്ടെന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ ഇത്തരം വിഷയങ്ങൾ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയോ ഉദ്യോഗസ്ഥരുടേയോ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

16.03.24 ന് രണ്ട് സ്ഥാപനങ്ങളും ഏർപ്പെട്ട കരാറിൽ എഎംസി യുടെ അഡ്വാൻസ് തുക അനുവദിച്ച് 45 ദിവസങ്ങൾക്കുള്ളിൽ മേൽ പരാമർശിക്കപ്പെട്ടിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതാണെന്ന നിബന്ധന ഉൾപ്പെടുത്തിയിട്ടുണ്ട്. 17.08.24 ന് സ്ഥാപനം നൽകിയ റെക്ടിഫിക്കേഷൻ റിപ്പോർട്ടിൽ ( KCC/CPG/CR-663/2024-25/0831) 28 ക്യാമറകളിൽ ഒൻപതെണ്ണം നിലവിലും പുനസ്ഥാപിച്ചിട്ടില്ലെന്ന് പറഞ്ഞിട്ടുണ്ട്. കൂടാതെ സ്ഥാപനം നല്കിയ പ്രാഥമിക റിപ്പോർട്ടിലോ, റെക്ടിഫിക്കേഷൻ റിപ്പോർട്ടിന്മേലോ ഗ്രാമപഞ്ചായത്തിനായി സാങ്കേതിക വിഭാഗം ഉൾപ്പെടുന്ന മോണിട്ടറിംഗ് സമിതി റിപ്പോർട്ടും ലഭ്യമല്ല. ആയതിനാൽ 2,70,145/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കരാർ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ള റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ **–14/16.08.2024**

തടസ്സപ്പെടുത്തുന്നതുക – **2,70,145/-**രൂപ

**1-21 ഹരിതകർമ്മ സേനയ്ക്ക് ഇലക്ട്രിക് വാഹനം വാങ്ങുന്നതിനുള്ള പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല**

ഹരിതകർമ്മ സേനയ്ക്ക് ഇലക്ട്രിക് വാഹനം വാങ്ങുന്നതിനുള്ള പ്രോജക്ട് (നം.158/24) പ്രകാരം ജെം പോർട്ടൽ മുഖേന വാങ്ങൽ നടത്തുന്നതിനായി പഞ്ചായത്ത് ഫണ്ടിൽ നിന്നും 4,75,000/-രൂപ പിൻവലിച്ച് ഫ്ലോററ്റ് ടെക്നോളജീസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. ചെലവ് വിശദാംശങ്ങൾ

താഴെ ചേർക്കുന്നു.

| ഫണ്ടിനം | തുക ₹ | ബിൽ നമ്പർ / ചെക്ക് നമ്പർ |
|---|---|---|
| സ്വച്ഛ് ഭാരത് മിഷൻ | 3,32,500/- | C032473623339 / 26.03.24 |
| തനത് | 1,42,500/- | 003427 / 26.03.24 |
| ആകെ | 4,75,000/- | |

പ്രസ്തുത വാഹനത്തിന്റെ രജിസ്ട്രേഷൻ, ഇൻഷ്വറൻസ് ഇവ ഒടുക്കി വാഹനം ഗ്രാമപഞ്ചായത്തിനു കൈമാറിക്കിട്ടിയിട്ടില്ല. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ ഇലക്ട്രിക് വാഹനങ്ങളുടെ വിലവർദ്ധിച്ചതിനാൽ പ്രോജക്ട് പ്രകാരമുള്ള തുകയ്ക്ക് വാഹനം ലഭ്യമാകില്ലെന്നതിനാൽ സ്ഥാപനം ലഭ്യമാക്കിയ ഇൻവോയിസ് പ്രകാരം ₹5,60,000/-നാണ് മേൽ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതെന്നും തുടർ വർഷത്തെ സ്പിൽ ഓവർ പ്രോജക്ട് പ്രകാരം ബാക്കി തുക കൂടി ഒടുക്കി പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതുമാണെന്നാണ് പറഞ്ഞിട്ടുള്ളത്.

വാഹനം വാങ്ങുന്നതിന് പ്രോജക്ട് പ്രകാരം ലഭ്യമായിട്ടുള്ള തുക അപര്യാപ്തമാണെന്നിരിക്കെ, മുൻകൂർ തുക പിൻവലിച്ച് പ്രൈവറ്റ് സ്ഥാപനത്തിൽ ഡെപ്പോസിറ്റ് ചെയ്തതിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

ഹരിത കർമ്മ സേനയ്ക്കായുള്ള വാഹനം നാളിതുവരെ ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ലാത്തതിനാൽ 4,75,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ട് പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ –**14/16.08.24**

തടസ്സപ്പെടുത്തുന്ന തുക – **4,75,000/-**രൂപ

## 1-22 ക്യൂ ആർ കോഡുകൾ കെൽട്രോണിൽ നിന്നും ലഭ്യമായില്ല

സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് ആപ്പ് എന്ന പ്രോജക്ട് (നം.103/24) നടപ്പിലാക്കുന്നതിനായി വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി സിഎഫ് സി ഫണ്ടിൽ നിന്നും 2,04,900/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 12,000/-രൂപ (ചെക്ക് നം. XVFC/P/28-30.03.24) ക്യൂആർ കോഡുകൾ (13,000 എണ്ണം) വാങ്ങുന്നതിനായി കെൽട്രോണിന് അനുവദിച്ചിരുന്നു. എന്നാൽ ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ പ്രകാരം പതിനായിരം എണ്ണം മാത്രമാണ് ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടുള്ളത്. അനുവദിച്ച തുകയ്ക്കനുസൃതമായി ക്യൂആർ കോഡുകൾ ലഭ്യമായിട്ടില്ലാത്തതിനാൽ 3000 എണ്ണത്തിന്റെ വിലയായ 2,769/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

എല്ലാ വീടുകളിലും, സ്ഥാപനങ്ങളിലും കോഡുകൾ പതിച്ചുകഴിഞ്ഞപ്പോഴും ആകെ ലഭ്യമായ പതിനായിരം ക്യൂആർ കോഡിൽ 6,997 എണ്ണം മാത്രമാണ് നാളിതുവരെ ഉപയോഗിച്ചിട്ടുള്ളത്. നിലവിൽ മൂവായിരത്തിലധികം കോഡുകളുടെ സ്റ്റോക്ക് ബാലൻസ് ഗ്രാമപഞ്ചായത്തിലുള്ള സാഹചര്യത്തിൽ മേൽ തുക കെൽട്രോണിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ – **15/16.08.24**

തടസ്സപ്പെടുത്തുന്നതുക – **2,769/-** രൂപ

## 1-23 കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കി പ്രവർത്തന സജ്ജമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ, ഘടക സ്ഥാപനങ്ങൾക്ക് കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ട് (നം.06/24) പ്രകാരം മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 4,37,138/-രൂപ പിൻവലിച്ച് കേരള സ്റ്റേറ്റ് ഐ.റ്റി മിഷന് നല്കിയിട്ടുണ്ട്. ഘടകസ്ഥാപനങ്ങൾക്കായി ലാപ്ടോപ്പ് (4), ഡെസ്ക്ടോപ്പ് (1), പ്രിന്ററുകൾ (2) എന്നിവ വാങ്ങുന്നതിനായാണ് തുക നല്കിയിട്ടുള്ളത്.

(1) പ്രിന്ററുകൾ നാളിതുവരെ ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല. ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ തുക ₹ | ബിൽ നമ്പർ/തീയതി | പ്രിന്റർ വില ₹ |
|---|---|---|
| 83,316/- | 26/18.01.24 | 35,040/- |
| 83,316/- | 27/18.01.24 | 35,040/- |
| ആകെ | | 70080/- |

(2) പഞ്ചായത്ത് ലൈബ്രറിക്കായി വാങ്ങിയിട്ടുള്ള ഡെസ്ക്ടോപ്പ് കംപ്യൂട്ടർ നാളിതുവരെ ഇൻസ്റ്റാൾ ചെയ്യാതെ ഗ്രാമപഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു.

ചെലവ് തുക 54,954/-രൂപ (ബിൽ നം. 25/16.01.24)

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/16.08.24) പ്രിന്ററുകൾ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ലായെന്നും, നെറ്റ് കണക്ഷൻ ലഭിക്കാത്തതിനാൽ കംപ്യൂട്ടർ ഇൻസ്റ്റാൾ ചെയ്തിട്ടില്ലായെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ 2 പ്രിന്റർ, 1 കമ്പ്യൂട്ടർ എന്നിവ വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുള്ള 1,25,034/-(70080+54954) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് അന്വേഷണം നം.**-14/16.08.24**
തടസ്സപ്പെടുത്തുന്ന തുക**- 1,25,034/-**രൂപ

**1-24 ലൈഫ് ഭവന നിർമ്മാണ പദ്ധതി- വീടുകൾ പൂർത്തീകരിച്ചില്ല**

ലൈഫ് ഭവന പദ്ധതി പ്രകാരം നിർവ്വഹണോദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമായി കരാറിൽ ഏർപ്പെട്ടിരുന്ന ഗുണഭോക്താക്കളിൽ പട്ടികയിൽ ഉൾപ്പെട്ടവർ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഒരു വീട് പൂർത്തീകരിക്കുന്നതിനായി ഒരു ഗുണഭോക്താവിന് നാല് ലക്ഷം രൂപയാണ് അനുവദിക്കുന്നത്.

(1) നിർവ്വഹണോദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡു തുകകൾ കൈപ്പറ്റി നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് ശ്രീ /ശ്രീമതി | കരാർ തീയതി/ ആദ്യ ഗഡു അനുവദിച്ച തീയതി | അനുവദിച്ച തുക ₹ | ബാക്കി തുക ₹ |
|---|---|---|---|---|
| 1 | പങ്കജാക്ഷി, മരക്കാശ്ശേരിൽ, വാർഡ് 12 | 24.01.23 | 40,000/- | 3,60,000/- |
| 2 | സുലജമണി, കട്ടവിൽ, ആലുംപീടിക | 15.05.23 | 40,000/- | 3,60,000/- |
| 3 | സുബൈദബീവി, പ്ലാവോലിൽ, പടിഞ്ഞാറെതറ | 12.09.23 | 40,000/- | 3,60,000/- |
| 4 | ആരിഫബീവി, തലച്ചിറ കോളനി, വാർഡ് 10 | 18.09.20 | 40,000/- | 3,60,000/- |
| 5 | ദീപ, കാക്കനാട്ടുചേരി, വാർഡ് 10 | 10.10.20 | 40,000/- | 3,60,000/- |
| 6 | രാജൻ, വാഴപ്പള്ളിൽ കിഴക്കതിൽ | 01.02.22 | 40,000/- | 3,60,000/- |

(2) ലൈഫ് ഭവന പദ്ധതി പ്രകാരം ഭൂരഹിത–ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നതും, വസ്തുവാങ്ങുന്നതിനുള്ള ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളതുമായ (തുക 2,25,000/-രൂപ) ഗുണഭോക്താവ് (ശ്രീമതി അശ്വതി, കണ്ണമത്ത് കിഴക്കതിൽ, വരവിള, ക്ലാപ്പന) നാളിതുവരെ ഭവന നിർമ്മാണത്തിനുള്ള കരാർവച്ച് പ്രവൃത്തി ആരംഭിച്ചിട്ടില്ല.
മേൽ ഗുണഭോക്താക്കളുടെഭവനനിർമ്മാണ പുരോഗതി വിലയിരുത്തി, ഭവന നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പ്രോജക്ടുകൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും, പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതുമാണ്. ഭവന നിർമ്മാണം

പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്ത സാഹചര്യത്തിൽ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് നാളിതുവരെ അനുവദിച്ച തുക നിയമാനുസൃതം തിരികെ ഈടാക്കേണ്ടതാണ്.

**1-25 ലൈഫ് ലോൺ വരവ് തുകയുടെ നീക്കിയിരിപ്പിന്റെ കൃത്യമായ കണക്കുകൾ ലഭ്യമാക്കിയിട്ടില്ല**

ലൈഫ് ലോൺ ഇനത്തിലെ വരവ് തുകയിൽ വിനിയോഗിക്കാതെ ശേഷിക്കുന്ന തുകയുടെ കൃത്യമായ കണക്കുകൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 01.04.23 ൽ ചെലവഴിക്കാത്ത തുക | 72,80,000/-രൂപ |
| വരവ് | 65,72,658/-രൂപ |
| ആകെ | 1,38,52,658/-രൂപ |
| 2023-24ൽ വിനിയോഗിച്ച തുക | 90,79,213/-രൂപ |
| 31.03.24ൽ വിനിയോഗിക്കാതെ ശേഷിക്കുന്നതുക | 47,73,445/-രൂപ |

എന്നാൽ ലോൺ തുക സൂക്ഷിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിലെ 31.03.24 ലെ നീക്കിയിരിപ്പ് (B-17) 48,12,658/-രൂപയും B5, B-16 ഷെഡ്യൂളുകളിൽ കാണിച്ചിട്ടുള്ള തുകകളുടെ വ്യത്യാസം 45,93,445/-രൂപയുമാണ്. ഇത്തരത്തിലുള്ള വ്യത്യാസത്തിനുള്ള വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. കൂടാതെ മുൻവർഷത്തെ ലോൺ വരവിനത്തിലെ എല്ലാ ഗഡു തുകകളും ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ലൈഫ് ലോൺ ഇനത്തിലെ കൃത്യമായ കണക്കുകൾ തയ്യാറാക്കേണ്ടതും, പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

**1-26 നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല**

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക B-18 ഷെഡ്യൂൾ പരിശോധിച്ചതിൽ വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾക്കനുസൃതമായ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുള്ളതായി കാണുന്നില്ല. ക്രമീകരിക്കാത്ത തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ധനകാര്യ പത്രികയിലെ ഹെഡ്കോഡ് | തുക സ്വീകരിച്ച സ്ഥാപനം | 31.03.24 വരെ ക്രമീകരിക്കാനുള്ള തുക |
|---|---|---|---|
| 1 | 460500201 | കേരള വാട്ടർ അതോറിറ്റി | 1,55,000/-രൂപ |

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം. 28/19.08.24) മറുപടി ലഭ്യമാക്കിയിട്ടില്ല .

ഏതൊക്കെ പ്രവൃത്തികൾ/പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനാണ് തുകകൾ നിക്ഷേപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതാണ്. ഓരോ പ്രവൃത്തിക്കും തുക നൽകിയ വൗച്ചർ/ ബിൽ.നം./ചെക്ക്.നം., തീയതി, സ്ഥാപനം, പ്രോജക്ട്.നം., ഫണ്ട് ഇനം, എസ്റ്റിമേറ്റ് തുക, കരാർ, പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്നീ വിവരങ്ങൾ പൂർത്തീകരണ സാക്ഷ്യപത്രം, ഫൈനൽ ബിൽ വിശദാംശങ്ങൾ, വിനിയോഗ സാക്ഷ്യപത്രം സഹിതം ലഭ്യമാക്കേണ്ടതാണ്. പദ്ധതികളുടെ പൂർത്തീകരണത്തിനായി സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതും, ദീർഘകാലമായി തുകകൾ നിഷ്ക്രിയ ആസ്തിയായി മേൽ സ്ഥാപനത്തിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ളതിന്റെ കാരണം വിശദീകരിക്കേണ്ടതുമാണ്. നടപ്പിലാക്കാത്ത പ്രോജക്ടുകളുടെ തുകകൾ തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**1-27 "ആർദ്രം പ്രാഥമിക ആരോഗ്യകേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമാക്കൽ" പദ്ധതി നിർവഹണത്തിലെ അപാകതകൾ**

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി “ആർദ്രം പ്രാഥമിക ആരോഗ്യകേന്ദ്രം കുടുംബാരോഗ്യ

കേന്ദ്രമാക്കൽ " എന്ന പദ്ധതി **(47/24)** നടപ്പാക്കിയിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നും 600000/-രൂപയും, തനത്ഫണ്ടിൽ നിന്ന് 10400/-രൂപയും ഉൾപ്പെടെ 610400/-രൂപ വകയിരുത്തിയ പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും 457400/-രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ,തീയതി(ACR പ്രകാരം) | ചെലവ് തുക (രൂപ) |
|---|---|
| 13/16.05.23 | 51000/- |
| 65/3.7.23 | 103800/- |
| 93/27.7.23 | 51000/- |
| 206/10.11.23 | 51000/- |
| 218/15.11.23 | 102000/- |
| 280/7.12.23 | 47600/- |
| 321/30.12.23 | 51000/- |
| ആകെ | 457400/- |

പദ്ധതിയുടെ നിർവ്വഹണത്തിലെ അപാകത ചുവടെ ചേർക്കുന്നു.

പതിനാലാം പദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി 28.05.2022) പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടറെയും, ഒരു പാരാ മെഡിക്കൽ സ്റ്റാഫിനെയും മാത്രം നിയമിക്കുന്നതിനാണ് സർക്കാർ അനുമതിയുള്ളത്. എന്നാൽ മേൽ പറഞ്ഞ പദ്ധതിയിൽ ഉൾപ്പെടുത്തി 2 സ്റ്റാഫ് നഴ്സിനെയും ഒരു ഫാർമസിസ്റ്റിനെയും നിയമിച്ച് വേതനം നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു .

| കാലയളവ് | പേര്,തസ്തിക | വേതനം (രൂപ) | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| 04/2023 | പാർവതി എസ്, സ്റ്റാഫ് നേഴ്സ് | 17,000/- | 13/16.05.23 |
| | അമലാരാജൻ, സ്റ്റാഫ് നേഴ്സ് | 17,000/- | |
| | ഷൈൻ ബഷീർ, ഫാർമസിസ്റ്റ് | 17,000/- | |
| 05/2023 | പാർവതി എസ്, സ്റ്റാഫ് നേഴ്സ് | 17,000/- | 65/03.07.23 |
| | അമലാരാജൻ, സ്റ്റാഫ് നേഴ്സ് | 17,000/- | |
| | ഷൈൻ ബഷീർ, ഫാർമസിസ്റ്റ് | 17,000/- | |
| 06/2023 | പാർവതി എസ്, സ്റ്റാഫ് നേഴ്സ് | 18,800/- | 65/03.07.23 |
| | അമലാരാജൻ, സ്റ്റാഫ് നേഴ്സ് | 17,000/- | |
| | ഷൈൻ ബഷീർ, ഫാർമസിസ്റ്റ് | 17,000/- | |
| 07/2023 | പാർവതി എസ്, സ്റ്റാഫ് നേഴ്സ് | 17,000/- | 93/27.07.23 |
| | അമലാരാജൻ, സ്റ്റാഫ് നേഴ്സ് | 17,000/- | |
| | ഷൈൻ ബഷീർ, ഫാർമസിസ്റ്റ് | 17,000/- | |
| 08/2023 | പാർവതി എസ്, സ്റ്റാഫ് നേഴ്സ് | 17,000/- | 206/10.11.23 |
| | അമലാരാജൻ, സ്റ്റാഫ് നേഴ്സ് | 17,000/- | |
| | ഷൈൻ ബഷീർ, ഫാർമസിസ്റ്റ് | 17,000/- | |
| 09/2023 | പാർവതി എസ്, സ്റ്റാഫ് നേഴ്സ് | 17,000/- | 218/15.11.23 |
| | അമലാരാജൻ, സ്റ്റാഫ് നേഴ്സ് | 17,000/- | |
| | ഷൈൻ ബഷീർ, ഫാർമസിസ്റ്റ് | 17,000/- | |
| 10/2023 | പാർവതി എസ്,സ്റ്റാഫ് നേഴ്സ് | 17,000/- | 218/15.11.23 |

| | | | |
|---|---|---|---|
| | അമലാരാജൻ, സ്റ്റാഫ് നേഴ്സ് | 17,000/- | |
| | ഷൈൻ ബഷീർ, ഫാർമസിസ്റ്റ് | 17,000/- | |
| 11/2023 | പാർവതി എസ്, സ്റ്റാഫ് നേഴ്സ് | 13,600/- | 280/07.12.23 |
| | അമലാരാജൻ, സ്റ്റാഫ് നേഴ്സ് | 17,000/- | |
| | ഷൈൻ ബഷീർ, ഫാർമസിസ്റ്റ് | 17,000/- | |
| 12/2023 | പാർവതി എസ്, സ്റ്റാഫ് നേഴ്സ് | 17,000/- | 321/30.12.23 |
| | അമലാരാജൻ, സ്റ്റാഫ് നേഴ്സ് | 17,000/- | |
| | ഷൈൻ ബഷീർ, ഫാർമസിസ്റ്റ് | 17,000/- | |
| ആകെ | | **4,57,400/-** | |

തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഡോക്ടർമാരെയും, പാരാമെഡിക്കൽ ജീവനക്കാരെയും നിയമിക്കുന്നത് സംബന്ധിച്ച 25.10.2023 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എ.1/363/2023 നമ്പർ സർക്കുലറിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിയമിക്കാവുന്ന ജീവനക്കാരുടെ എണ്ണം സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി അധിക ജീവനക്കാരെ നിയമിച്ച് വേതനം നൽകിയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ 457400/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം**.-17/16.08.24**

തടസ്സപ്പെടുത്തുന്ന തുക **-457400/-**രൂപ

**1-28 ഹരിതകർമ്മസേന - പ്രവർത്തനാവലോകനം**

അടിസ്ഥാനവിവരങ്ങൾ

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 15 വാർഡുകളിലായി 30 ഹരിതകർമ്മസേനാംഗങ്ങളാണ് പ്രവർത്തിക്കുന്നത്. ഹരിതകർമ്മസേനാംഗങ്ങളെ രണ്ടു പേർ വീതം ഉള്ള ഗ്രൂപ്പുകളാക്കി വാർഡുകളുടെ ചുമതല നൽകിയിരിക്കുന്നു. ഗ്രാമപഞ്ചായത്തിൽ ആർ ആർ എഫ് , ബെയിലിംഗ് & ഷ്രെഡ്ഡിംഗ് യൂണിറ്റ് എന്നിവ ഇല്ല. എം.സി എഫ് കെട്ടിടം ഉണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല. നിലവിൽ 6402 ഭവനങ്ങളിലും 595 സ്ഥാപനങ്ങളിലും ഹരിതകർമ്മസേനയുടെ സേവനം ലഭ്യമാകുന്നുണ്ട്. വീടുകളിൽ പ്രതിമാസം അൻപതുരൂപയും വാണിജ്യസ്ഥാപനങ്ങളിൽ നിന്നും പ്രതിമാസം നൂറുരൂപയുമാണ് കളക്ഷൻ ഫീസായി ഈടാക്കി വരുന്നത്.

മാലിന്യശേഖരണകാര്യക്ഷമത

ഹരിതകർമ്മസേനയുടെ പ്രവർത്തനം മുൻകൂട്ടി തയ്യാറാക്കിയ ആധികാരിക കലണ്ടർ പ്രകാരം നിർവഹിക്കുന്നുണ്ട്. ഹരിത സഹായസ്ഥാപനമായി 2024-25 സാമ്പത്തിക വർഷം മുതൽ ഐആർടിസി പ്രവർത്തിക്കുന്നുണ്ട്. എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും ക്യൂആർ കോഡ് പതിച്ച് യൂസർഫീ കളക്ട് ചെയ്തുവരുന്നു. മാസത്തിലെ ഒന്നുമുതൽ പതിനഞ്ച് തീയതിവരെ കളക്ഷനും, തുടർന്ന് സെഗ്രിഗേഷനും, ഇരുപത്തിയഞ്ചാം തീയതിയോടെ പ്ലാസ്റ്റിക് ഏറ്റെടുക്കുന്ന ഏജൻസിക്ക് കൈമാറുന്നതിനുള്ള നടപടികളുമാണ് നിലവിൽ സ്വീകരിച്ചുവരുന്നത്.

മാലിന്യവേർതിരിക്കൽ

ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ വച്ച് തന്നെ വേർതിരിക്കുന്നുണ്ട്. വൃത്തിയാക്കിയ അജൈവമാലിന്യം മെയിൻ എംസിഎഫിൽ എത്തിക്കുകയും തരംതിരിച്ചശേഷം കരാറിലേർപ്പെട്ട കമ്പനിക്ക് കൈമാറുകയും ചെയ്യുന്നു.

റീസൈക്ലിംഗ്

ശേഖരിക്കുന്ന മാലിന്യങ്ങളിൽ നിന്ന് പുനരുപയോഗസാധ്യതയുള്ളവ കണ്ടെത്തി ഉപയുക്തമാക്കുന്നതിന്

നിലവിൽ സംവിധാനങ്ങൾ ഇല്ല. റീസൈക്ലിംഗിന്റെ സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട് ഹരിതകർമ്മസേനയുടെ പ്രവർത്തനം കൂടുതൽ ആദായകരമാക്കാവുന്നതാണ്.

കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ മാലിന്യസംസ്കരണം സംബന്ധിച്ച ഭേദഗതി ഉത്തരവിലെ പ്രസക്തഭാഗങ്ങൾ ലഘുലേഖകൾ ആക്കി വിതരണം ചെയ്തിട്ടുണ്ട്.

തൊഴിൽസൃഷ്ടിക്കൽ

പ്രതിമാസം ശരാശരി 10,000/-രൂപ ഒരു ഹരിതകർമ്മസേനാംഗത്തിന് ലഭിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. 2023-24 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും മാലിന്യം നീക്കം ചെയ്ത് 2,28,035/-രൂപ കൺസോർഷ്യം അക്കൗണ്ടിലേക്ക് ലഭിച്ചിട്ടുണ്ട്. യൂസർഫീ ഇനത്തിൽ 30,03,620/-രൂപ 2023-24 വർഷം വരവുണ്ട്.

അടിസ്ഥാനസൗകര്യ വികസനം

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലായി 34 മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾക്ക് യൂണിഫോം, ഗ്ലൌസ്, മാസ്ക്, സാനിട്ടൈസർ, എന്നിവയെല്ലാം വാങ്ങി നൽകിയിട്ടുണ്ട്. ഹരിതകർമ്മ സേനയ്ക്ക് മാലിന്യം നീക്കം ചെയ്യുന്നതിനായി ട്രോളികൾ വാങ്ങി നല്കിയിട്ടുണ്ട്. ഇലക്ട്രിക്ക് പിക്ക് അപ്പ് വാഹനം വാങ്ങുന്നതിനുള്ള പ്രോജക്ട് പൂർത്തികരണ സ്റ്റേജിലാണ്. ഹരിതസേനാംഗങ്ങൾക്ക് ഓട്ടോ ഓടിക്കുന്നതിനുള്ള പരിശീനം നല്കിയിട്ടുണ്ട്.

എംസിഎഫ് കെട്ടിടം ഉണ്ടെങ്കിലും കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ല. എംസിഎഫ് കെട്ടിടത്തിലേയ്ക്ക് ഫയർഫോഴ്സ് വാഹനം കടന്നുവരാനുള്ള സൗകര്യം ഇല്ല. വെള്ളക്കെട്ടുള്ള പ്രദേശമായതിനാൽ മഴക്കാലത്ത് വാഹനങ്ങൾ പ്രവേശിക്കാൻ ബുന്ധിമുട്ടാണ്. അജൈവ മാലിന്യം ഏറ്റെടുക്കുന്ന ക്ലീൻ കേരള കമ്പനിയുടെ വാഹനം എംസിഎഫിൽ നിന്നും രണ്ടുകിലോമീറ്റർ അകലെ മാത്രമാണ് എത്തുന്നത്. അതിനാൽ പത്തുവാർഡുകളിലുള്ളവർ മാത്രമാണ് എംസിഎഫ് ഉപയോഗിക്കുന്നത്.

പാരിസ്ഥിതിക ആഘാതം-കൈക്കൊണ്ട നടപടികൾ

പൊതുനിരത്തിൽ മാലിന്യം വലിച്ചെറിയുന്ന പ്രവണത ഇല്ലാതാക്കുന്നതിനായി പ്രധാന കേന്ദ്രങ്ങളിൽ CCTV ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി

മിനി എം.സി.എഫുകളുടെ സ്ഥല പരിമിതിമൂലം മാലിന്യം വാർഡുതലത്തിൽ ശേഖരിച്ച് സൂക്ഷിക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. അടിയന്തിരമായി മിനി എംസിഎഫുകളുടെ വലിപ്പം കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബെയിലിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടില്ലാത്തത് മാലിന്യനീക്കത്തിന് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു.

പ്രധാനനിർദ്ദേശങ്ങൾ

*കേരള പഞ്ചായത്തീരാജ് നിയമത്തിന്റെ സെക്ഷൻ -219ൽ പരാമർശിക്കുന്ന നിയമ നടപടികൾ കർശനമായി നടപ്പിൽ വരുത്തുന്നുവെന്ന് ബന്ധപ്പെട്ട അധികാരികൾ ഉറപ്പുവരുത്തേണ്ടതാണ് .

*MLP, LEGACY മാലിന്യങ്ങൾ എല്ലാ മാസവും നീക്കം ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ നിന്നും പ്ലാസ്റ്റിക്ക് എടുക്കുന്ന സ്ഥാപനം ലിഫ്റ്റിംഗ് പ്ലാൻ പ്രകാരം കൃത്യമായി മാലിന്യം ശേഖരിക്കുന്നതിനായും, എംഎൽപി, ലെഗസി വേസ്റ്റുകൾ കൂടി എടുക്കുന്നതിനായുമുള്ള വ്യവസ്ഥകൾ സ്ഥാപനവുമായുള്ള കരാറിൽ ഉൾപ്പെടുത്തി യഥാസമയുള്ള മാലിന്യ നീക്കം ഉറപ്പുവരുത്താവുന്നതാണ്.

പഞ്ചായത്ത് തലത്തിൽ പരാതിപരിഹാരസെൽ രൂപീകരിക്കാവുന്നതാണ്.

*"ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ" എന്ന നേട്ടം കൈവരിക്കാനുതകും വിധം പഞ്ചായത്ത് ഭരണസംവിധാനങ്ങളുടെ

ക്രിയാത്മകമായ മോണിറ്ററിംഗും തുടർച്ചയായ ഇടപെടലുകളും ഉണ്ടാകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 MGNREGS- അങ്കണവാടി നിർമ്മാണം.( Ward 13 ) അധികം തുക ചെലവഴിച്ചു., ജി എസ് ടി - ടി ഡി എസ് ഈടാക്കിയിട്ടില്ല.

ക്ലാപ്പന പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ അങ്കണവാടി നിർമ്മാണം. Ward 13 ൽ MGNREGS വഴി നിർമ്മിക്കുന്നതിനായി ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭിച്ചു. ഇ-ടെണ്ടർ മുഖേന വർക്ക് ഹരികുമാർ എന്ന കരാറുകാരന് നൽകി. വർക്ക് കോഡ് AV/260929 ൽ ഉൾപ്പെട്ട ടി പ്രവൃത്തിയുടെ എം ബുക്ക്, എം.ഐ.എസ് എന്നിവ പരിശോധിച്ചതിൽ മെറ്റീരിയൽ ഇനത്തിൽ 42906/-രൂപ അധികം ചെവഴിച്ചതായി ബോധ്യപ്പെട്ടു.

മെറ്റീരിയൽ, സ്കിൽഡ്, അൺസ്കിൽഡ് എന്നീ വിഭാഗങ്ങൾക്ക് വേണ്ടി തുക ചെലവഴിച്ചതിൻെറ വിവരം ചുവടെ

| | MIS | MBOOK |
|---|---|---|
| Material | 543529.93/- | 500624.00/- |
| Skilled | 158765.00/- | 158765.00/- |
| Unskilled | 87418.00/- | 87418.00/- |
| **TOTAL** | **789713/-** | **746807/-** |

MIS പ്രകാരം മെറ്റീരിയൽ തുക 543529.93/-രൂപ, MBook പ്രകാരം : (No: 181/20-21 Pg 41) മെറ്റീരിയൽ തുക 500624/-രൂപയുമാണ്. പ്രവൃത്തിയുടെ ഒന്നാം ഘട്ടത്തിൽ കരാറുകാരന് 199161/-രൂപയും, രണ്ടാം ഘട്ടത്തിൽ 344368/-രൂപയും നൽകി. എം ബുക്ക് പരിശോധിക്കാതെ എഫ് ടി ഒ നൽകിയതു കാരണമാണ് 42905/-രൂപ അധികം കരാറുകാരൻ കൈപ്പറ്റിയത്.

**MGNREGS** അസി എഞ്ചിനീയർ തയ്യാറാക്കിയ **MOP** യുടെ വിശദാംശങ്ങൾചുവടെ ചേർക്കുന്നു

Material : 500624. 64/-
Skilled : 158765.00/-
Un Skilled : 298 X 291 = 86718/-
Sharpening : 70 X 10 = 700/-
ആകെ : 746807.64/-

746807/-രൂപ അനുവദിക്കുന്നതിന് പകരം 789713/-രൂപയാണ് പ്രവൃത്തിക്ക് വേണ്ടി ചെലവഴിച്ചിട്ടുള്ളത്. മെറ്റീരിയൽ ഇനത്തിലാണ് 42905/-രൂപ അധികം നൽകിയിട്ടുള്ളത് [ FTO No 0121EATPAYREQ01042023162870 തീയതി 01.05.2023]. കൂടാതെ കരാറുകാരന് നൽകിയ 543529.93/- രൂപയിൽ ജി.എസ്.ടി, ടി.ഡി.എസ് ഇനത്തിൽ കുറവ് വരുത്തി സർക്കാരിലേയ്ക്ക് ഒടുക്ക് വരുത്തേണ്ട 10,871/-രൂപ കുറവ് വരുത്തി ഒടുക്കിയിട്ടുമില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2019-20 സാമ്പത്തിക വർഷത്തിൽ നൽകാനുണ്ടായിരുന്ന തുക കൂടി ഉൾപ്പെടുത്തിയാണ് വെണ്ടർക്ക് തുക നൽകിയത് എന്നുള്ള മറുപടി ഹാജരാക്കി. എന്നാൽ ആയത് തെളിയിക്കുന്നതിനുള്ള രേഖകൾ ഒന്നും തന്നെ

ഹാജരാക്കിയിട്ടില്ലാത്തതിനാൽ എം ബുക്കിലെ അളവിനേക്കാൾ കൂടുതലായി നൽകയിട്ടുള്ള 42905/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. അധികം നൽകിയിട്ടുള്ള തുക 42905/-രൂപ എഫ്.ടി.ഒ ഫസ്റ്റ്, സെക്കന്റ് സിഗ്നേറ്ററികളായ സെക്രട്ടറി, അസി.സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. കൂടാതെ ജി.എസ്.ടി, ടി.ഡി.എസ് ഇനത്തിൽ ഒടുക്ക് വരുത്തേണ്ട 10,871/-രൂപ ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക-**42905/-**

ഓഡിറ്റ് എൻക്വയറി നം.**-08/13.08.24**

**3-2 എസ്റ്റിമേറ്റ് നിരക്കിൽ അധികമായി അനുവദിച്ച ചെലവിന് അംഗീകാരമില്ല**

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പഞ്ചായത്ത് ഓഫീസ് ഫർണീഷിംഗ് രണ്ടാംഘട്ടം എന്ന പ്രോജക്ട്(നം.119/24 ) പ്രകാരം പ്രവൃത്തി നിർവ്വഹിച്ച അക്രഡിറ്റഡ് ഏജൻസിയായ ARTCO എന്ന സ്ഥാപനത്തിന് 30,86,476/-രൂപ അനുവദിച്ചതിൽ ചില ഇനങ്ങൾക്ക് എസ്റ്റിമേറ്റ് നിരക്കിൽ അധിമായി തുക അനുവദിച്ചതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും അധിക തുക ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിശദാംശങ്ങൾ താഴെ നല്കുന്നു.

| ചെക്ക് നമ്പർ, തീയതി | അനുവദിച്ച തുക(₹) |
|---|---|
| 5289976 / 13.06.23 | 10,34,414/- |
| 241197 / 25.01.24 | 4,30,916/- |
| 003454 / 31.03.24 | 16,21,146/- |
| ആകെ | 30,86,476/- |

ഫയൽ പരിശോധിച്ചതിൽ പ്രോജക്ടിനായി സ്ഥാപനം ലഭ്യമാക്കിയ എസ്റ്റിമേറ്റ് നിരക്കിൽ (പ്രൊഫോർമ ഇൻവോയിസ് നം.926/26.06.20) അധികമായി താഴെ പറഞ്ഞിട്ടുള്ള ഇനത്തിന് തുക അനുവദിച്ചിരിക്കുന്നു. അളവുകൾ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി നല്കിയിട്ടുണ്ട്. ജി.എസ്.ടി ഉൾപ്പെടുത്താതെയുള്ള നിരക്കുകൾ താഴെ ചേർക്കുന്നു.

| ഇനം | സാക്ഷ്യപ്പെടുത്തിയ അളവ് ( ച.മീ ) | എസ്റ്റിമേറ്റ് നിരക്ക് ₹ / (ച.മീ) | ബിൽപ്രകാരമുള്ള നിരക്ക് ₹ / (ച.മീ) | അനുവദിക്കാവുന്ന തുക (₹) | അനുവദിച്ച തുക (₹) | അധിക തുക (₹) |
|---|---|---|---|---|---|---|
| ഹാർഡ്‌വുഡ്സ്റ്റേജ് | 6.738 | 1,271/- | 7,500/- | 8564/- | 50,535/- | 41,971/- |

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം.24/19.08.24) മറുപടി ലഭ്യമാക്കിയിട്ടില്ല.
പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ (18%) ജി.എസ്.ടി ഉൾപ്പടെ ആകെ 49,525/-രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിനുണ്ടായ അധിക ചെലവ് അന്തിമ ബിൽ നൽകിയ നഷ്ടോത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ പ്രോജക്ട് പ്രകാരം ലഭ്യമായിട്ടുള്ള ഫർണീച്ചറുകൾ/ അനുബന്ധ ഉപകരണങ്ങളുടെ, സ്റ്റോക്ക് എൻട്രി നടത്തി വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

നിരാകരിച്ചിട്ടുള്ള തുക-**49,525/-**രൂപ

ഓഡിറ്റ് എൻക്വയറി നം.**-24/19.08.2024**

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

**4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം**

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2023-24 | 16.08.24, 19.08.24 | കെ.എസ്.എ.കെ.എൽ.എം.പി8/1725/24 തീയതി-18.09.2024 |

**4-2 സംയുക്ത പ്രോജക്ട്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം**

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് (രൂപ) | നീക്കിയിരിപ്പ് (രൂപ) |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2023/24 | 1,00,000/- | 91/24-ലൈഫ് ഭവന പദ്ധതി എസ്.സി.പി | 1,00,000/- | 0 |
| | | 1,00,000/- | 29/24-അംഗനവാടി അനുപൂരക പോഷകാഹാര വിതരണ പദ്ധതി | 1,00,000/- | 0 |
| | | 1,30,000/- | 30/24-ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,30,000/- | 0 |
| | | 60,000/- | 28/24-അംഗനവാടി അനുപൂരക പോഷകാഹാര വിതരണ പദ്ധതി-ജനറൽ | 60,000/- | 0 |
| | | 21,00,000/- | 37/24-ലൈഫ് ഭവന പദ്ധതി-ജനറൽ | 21,00,000/- | 0 |
| | | 1,96,542/- | 25/24-പാലിന് സബ്സിഡി | 1,96,542/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023/24 | 14,29,067/- | 91/24-ലൈഫ് ഭവന പദ്ധതി-എസ്.സി.പി | 14,29,067/- | 0 |
| | | 3,83,000/- | 30/24-ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 3,83,000/- | 0 |
| | | 3,00,000/- | 28/24-അംഗനവാടി അനുപൂരക പോഷകാഹാര വിതരണ പദ്ധതി-ജനറൽ | 3,00,000/- | 0 |
| | | 18,00,000/- | 37/24-ലൈഫ് ഭവന പദ്ധതി-ജനറൽ | 18,00,000/- | 0 |
| | | 2,21,061/- | 25/24-പാലിന് സബ്സിഡി | 2,21,061/- | 0 |
| | | 1,98,750/- | 19/24-അതിദരിദ്രർക്കുള്ള മൈക്രോപ്ലാൻ ഭക്ഷണം ലഭ്യമാക്കൽ | 1,98,750/- | 0 |

**4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക(രൂപ) | ബിൽ ബുക്ക് നമ്പർ |
|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ0-7/24 | 40140/- | 23/13.12.2023 28/05.02.24 |

**4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല

**4-5 വായ്പ / വായ്പാതിരിച്ചടവ്**

ലൈഫ് ഭവന നിർമ്മാണ വായ്പ

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 65,72,658/-രൂപ വരവുണ്ട്. മുൻബാക്കി 72,80,000/- രൂപയടക്കമുള്ള ആകെ 1,38,52,658/-രൂപയിൽ 90,79,213/-രൂപ വിനിയോഗിച്ചിട്ടുണ്ട്.
ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | 65,72,658/- | 2,54,64,650/- | 27,48,281/- | | 2,92,89,027/- |

ഖ 1-28 കൂടി കാണുക

**4-6 സ്ഥിര നിക്ഷേപം**

ഇല്ല

**4-7 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം ലഭിച്ച 900/-രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2022-23 | 1-31 | 900/- | ഡോ.ജ്യോതി ലക്ഷ്മി മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 1231302007/15.03.24 |

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 2-1 | 2017-18 | 2 | തനത് ഫണ്ടിനായി ഒന്നിലധികം അക്കൗണ്ടുകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2019-20 | 1-21, 1-22, 1-23, 1-25 | 2020-21 | അനുബന്ധം 2 അദ്ധ്യായം 1-2 | മെഡിക്കൽ ഓഫീസർ പദ്ധതികൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

**4-9** ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക :

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക :

ഇല്ല

**4-10** ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 42,905/- | ശ്രീമതി താര ആർ, സെക്രട്ടറി (₹21452/-)<br>ശ്രീമതി ഹസിത എ, അസി.സെക്രട്ടറി (₹21453/-) |
| 3-2 | | 49,525/- | ശ്രീ സന്തോഷ് വർഗീസ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 17128/- | ഡോ. ജ്യോതിലക്ഷ്മി കെ എസ്, മെഡിക്കൽ ഓഫീസർ പി എച്ച് സി |
| | 92264/- | ഡോ ഷൈല മാത്യു, മെഡിക്കൽ ഓഫീസർ പി എച്ച് സി |
| 1-15 | 35894/- | ഡോ ഷൈല മാത്യു, മെഡിക്കൽ ഓഫീസർ പി എച്ച് സി |
| 1-18 | 94800/- | ശ്രീ സന്തോഷ് വർഗീസ്, സെക്രട്ടറി |
| 1-20 | 270145/- | ശ്രീ സന്തോഷ് വർഗീസ്, സെക്രട്ടറി |
| 1-21 | 475000/- | ശ്രീ സന്തോഷ് വർഗീസ്, സെക്രട്ടറി |
| 1-22 | 2769/- | ശ്രീമതി സനൂജ കെ എസ്, വി ഇ ഒ |
| 1-23 | 125034/- | ശ്രീ സന്തോഷ് വർഗീസ്, സെക്രട്ടറി |
| 1-27 | 358800/- | ഡോ ജ്യോതിലക്ഷ്മി കെ എസ്, മെഡിക്കൽ ഓഫീസർ പി എച്ച് സി |
| | 98600/- | ഡോ ഷൈല മാത്യു, മെഡിക്കൽ ഓഫീസർ പി എച്ച് സി |
| ആകെ | **15,70,434/-** | |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

| | | |
|---|---|---|
| ശ്രീമതി. താര. ആർ, സെക്രട്ടറി | സെക്രട്ടറി, കുലശേഖരപുരം ഗ്രാമപ്പഞ്ചായത്ത് | പുളിക്കൽ, വലിയകുളങ്ങര, ഓച്ചിറ-690526 |
| ശ്രീ സന്തോഷ് വർഗീസ്, സെക്രട്ടറി | സെക്രട്ടറി, ക്ലാപ്പന ഗ്രാമപ്പഞ്ചായത്ത് | മഠത്തിൽ ശ്രീരംഗം പട.സൗത്ത്, കരുനാഗപ്പള്ളി 690518 |
| ശ്രീമതി ഹസിത എ, അസി.സെക്രട്ടറി | അസി.സെക്രട്ടറി, ക്ലാപ്പന ഗ്രാമപ്പഞ്ചായത്ത് | അസ്മി മൻസിൽ, നീലികുളം കെ എസ് പുരം പി ഒ, 690544 |
| ശ്രീമതി സനൂജ കെ എസ്, വി ഇ ഒ | വി ഇ ഒ, ക്ലാപ്പന ഗ്രാമപ്പഞ്ചായത്ത് | വലിയതറയിൽ കല്ലേലി ഭാഗം പി ഒ കരുനാഗപ്പള്ളി, 690519 |
| ഡോ ഷൈല മാത്യു മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ആവേ മരിയ മനക്കര ശാസ്താംകോട്ട പി ഒ |
| ഡോ.ജ്യോതിലക്ഷ്മി, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), താലൂക്ക് ഹോസ്പിറ്റൽ നെടുങ്കണ്ടം, ഇടുക്കി | നാരായണ, വവ്വാക്കാവ്, കരുനാഗപ്പള്ളി, 690528 |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ-കെ.എൽ.എം-പി8/381/18 തീയതി-21.02.18 | 4 |
| 1998-99 | കെ.എസ്.എ-കെ.എൽ.എം-പി8381/18 തീയതി-21.02.18 | 3 |
| 1999-2000 | കെ.എസ്.എ-കെ.എൽ.എം-പി8/381/18 തീയതി-21.02.18 | 3 |
| 2000-01 | കെ.എസ്.എ-കെ.എൽ.എം-പി8/381/18 തീയതി-21.02.18 | 7 |
| 2002-03 | കെ.എസ്.എ-കെ.എൽ.എം-പി8/381/18 തീയതി-21.02.18 | 3 |
| 2003-04 | കെ.എസ്.എ-കെ.എൽ.എം-പി8/381/18 തീയതി-21.02.18 | 2 |
| 2004-05 | കെ.എസ്.എ-കെ.എൽ.എം-പി8/381/18 തീയതി-21.02.18 | 3 |
| 2005-06 | കെ.എസ്.എ-കെ.എൽ.എം-പി8/381/18 തീയതി-21.02.18 | 3 |
| 2006-07 | കെ.എസ്.എ-കെ.എൽ.എം-പി8/727(1)/18 തീയതി-29.05.19 | 2 |
| 2008-09 | കെ.എസ്.എ-കെ.എൽ.എം-പി8/727(3)/18 29.05.19 | 1 |
| 2009-10 | കെ.എസ്.എ-കെ.എൽ.എം-പി8/727(4)/18 തീയതി-29.05.19 | 2 |
| 2012-13 | കെ.എസ്.എ-കെ.എൽ.എം-പി8/1046/22 തീയതി-22.08.22 | 3 |
| 2013-14 & 2014-15 | കെ.എസ്.എ-കെ.എൽ.എം-പി8-1046/22 തീയതി-22.08.22 | 9 |
| 2015-16 | കെ.എസ്.എ-കെ.എൽ.എം-പി8/1046/22 തീയതി-22.08.22 | 9 |
| 2016-17 | കെ.എസ്.എ-കെ.എൽ.എം-പി2/1751/17 തീയതി-09.04.18 | 13 |

| | | |
|---|---|---|
| 2017-18 | കെ.എസ്.എ-കെ.എൽ.എം-പി8/1485/18 തീയതി-09.05.19 | 19 |
| 2018-19 | കെ.എസ്.എ-കെ.എൽ.എം-പി8/455/20 തീയതി-03.06.20 | 25 |
| 2019-20 | കെ.എസ്.എ-കെ.എൽ.എം-പി8/844/2021 തീയതി-04.07.21 | 31 |
| 2020-21 | കെ.എസ്.എ-കെ.എൽ.എം-പി8/1838/21 തീയതി – 16.07.22 | 21 |
| 2021-22 | കെ.എസ്.എ-കെ.എൽ.എം-പി8/2318/22 തീയതി: 29/03/2023 | 19 |
| 2022-23 | കെ.എസ്.എ-കെ.എൽ.എം-പി8/1856/23 തീയതി: 16/11/2023 | 37 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

**Annexure-1**

**Audit Certificate**

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 12-06-2024 and submitted on 13-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Clappana Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Clappana Grama Panchayat as on 31-03-2024.

**Date: 28/09/2024** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Clappana Grama Panchayat for the Year 2023-2024.**

## 1.Major Observations

Nil

## 2.Other Observations

1)The following mandatory financial statements prescribed in accounting rules are not submitted for audit

Ratios , notes on accounts.

2) Cashflow statement- Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3) The expenditure shown in Appropriation control register did not match with that shown in Annual financial statement and sulekha statement in respect of Development fund (SCP) and maintenance grant road funds.

4) (a) Asset registers are not maintained properly.

5) The ledger accounts are not periodically reconciled.

6) Lapses in making timely and accurate demand entries in respect of tax and non tax revenue.

7) Documents supporting journal entries were not produced for verification.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## അനുബന്ധപത്രികൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.